പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2117 | 13/06/2019 ൽ മറുപടി<br>നല്കേണ്ടത്. |

## വ്യാജ വെളിച്ചെണ്ണയുടെ ഉറവിടം കണ്ടെത്താൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | നാളികേരത്തിന്റെയും അനുബന്ധ ഉല്പന്നങ്ങളുടെയും വില ഉയർന്നതോടു കൂടി വ്യാജ വെളിച്ചെണ്ണയുടെ ഉല്പാദനവും വിതരണവും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ വെളിച്ചെണ്ണയിൽ കലർത്തി നിലവാരം കുറഞ്ഞ വെളിച്ചെണ്ണ വിൽപന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) | ക്യാൻസർ, വൃക്കരോഗം എന്നിവയ്ക്ക് ഇടയാക്കുന്ന പാരഫിൻ ഓയിൽ കലർന്ന എത്ര ബ്രാന്റ് വെളിച്ചെണ്ണയാണ് കഴിഞ്ഞ വർഷം നിരോധിച്ചത്; അറിയിക്കുമോ; | ബി) | സംസ്ഥാനത്ത് വെളിച്ചെണ്ണയിൽ പാരഫിൻ ഓയിൽ കലർത്തിയതായി പരിശോധനാ ഫലം നാളിതുവരെ ലഭിച്ചിട്ടില്ല. |
| സി) | നിരോധിച്ച ബ്രാന്റുകൾ പുതിയ രൂപത്തിലും ഭാവത്തിലും പേരുമാറ്റി വിപണിയിലെത്തുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിക്കുമ്പോൾ ഇതേ വെളിച്ചെണ്ണ അതേ വ്യാപാരികൾ വേറെ ബ്രാൻഡ് നെയിമുകളിൽ വിപണനം നടത്തുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇത് തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വിൽക്കുന്നവരും മറ്റ് സ്ഥലങ്ങളിൽ നിന്ന് വെളിച്ചെണ്ണ കൊണ്ട് വന്ന് റീ-പായ്ക്ക് ചെയ്ത് വിൽക്കുന്നവരും തങ്ങളുടെ ഉൽപന്നം അതാത് ജില്ലകളിലെ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ മുൻപാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരം ബ്രാൻഡ് രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | കരസ്ഥമാക്കാതെ വെളിച്ചെണ്ണ വിൽക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന വ്യാജ വെളിച്ചെണ്ണയുടെ ഉറവിടം കണ്ടെത്തിയും അതിർത്തികളിൽ ഇതിനായുള്ള പരിശോധനകൾ ശക്തിപ്പെടുത്തിയും അടിയന്തര ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ? | ഡി) | ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. 2018 വർഷത്തിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 166 ബ്രാൻഡ് വെളിച്ചെണ്ണകളുടെ ഉൽപാദനം, സംഭരണം, വിതരണം എന്നിവ നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ